കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, തൃശ്ശൂർ കോൾ വികസന പദ്ധതി ആരംഭിച്ചത് 1978–79ലാണ്. ഈ പദ്ധതിയുടെ അടങ്കൽ 9 കോടി 5 ലക്ഷം രൂപയായിരുന്നു. 4 വർഷം കൊണ്ടു പൂർത്തിയാക്കാമെന്നാണ് കരുതിയിരുന്നത്. സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിന് കാലതാമസമുണ്ടായതുമൂലം പദ്ധതി നടത്തിപ്പിലും കാലതാമസമുണ്ടായി. അതുകൊണ്ട് പദ്ധതിയുടെ അടങ്കൽ തുക പിന്നീട് പുതുക്കേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റ് 1982–ൽത്തന്നെ നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. നബാർഡിന്റെ അനുമതി ഇതുവരെ കിട്ടിയിട്ടില്ല. അതിനുവേണ്ടിയുള്ള ശ്രമം നടത്തിവരികയാണ്. നബാർഡുമായുള്ള ചർച്ചയുടെ ഫലമായി 1.25 കോടി രൂപ ഇടക്കാലാശ്വാസമായി അനുവദിച്ചു. ഈ പദ്ധതിയുടെ പണി നിറുത്തിവച്ചിട്ടില്ല. ആകെ നിർമ്മിക്കാനുള്ള 215 കിലോമീറ്റർ ബണ്ടിന്റെ പണിയിൽ 82 കിലോമീറ്റർ പൂർത്തിയാക്കി. ബാക്കി 75 കിലോമീറ്റർ ബണ്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നബാർഡിന്റെ അനുവാദം തുടർന്നു കിട്ടുന്നതിന് ശ്രമിക്കുന്നതാണ്. ഇവിടെ പറഞ്ഞത് കുട്ടനാടിന് 10 കോടി രൂപയുടെ സ്കീമുണ്ടെന്നാണ്. കുട്ടനാടിന്റെ 4 ലക്ഷം രൂപയേ ഇതുവരെ അടച്ചിട്ടുള്ളൂ. ബാക്കി രൂപ അടക്കുന്നതിനുള്ള നടപടികളും ധൃതഗതിയിൽ നടക്കുകയാണ്. പണി പൂർത്തിയാക്കും. തൃശ്ശൂർ കോൾ കൃഷിക്കാരെ അവഗണിച്ചിട്ടില്ല. ഇതുവരെ 215 പമ്പ് സെറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 10779 ഹെക്ടർ സ്ഥലമാണ് ഉള്ളത്. ഇതുവരെ 58 ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി നാല്പത്താറു രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്.

32. തിരുവനന്തപുരം ജില്ലാ മുസ്ലീംലീഗ് സെക്രട്ടറിയുടെ നേരെ നടന്ന കയ്യേറ്റം

ശ്രീ. പി. കെ. കെ. ബാവ: സർ, നമ്മുടെ നിയമസഭയിലെ പ്രസ്സ് ഗാലറിയിലെ റിപ്പോർട്ടറും തിരുവനന്തപുരം ജില്ലാ മുസ്ലീംലീഗിന്റെ സെക്രട്ടറിയുമായ പി. എസ്. മുഹമ്മദ് ബഷീറിനെ ഇന്നലെ വൈകുന്നേരം 4 മണിക്ക് നിയമസഭാ നടപടികളും റിപ്പോർട്ട് ചെയ്യാൻ വരുന്നവഴിക്ക് സെക്രട്ടേറിയറ്റിനു മുൻവശത്തുവച്ചു ചില ഗുണ്ടകൾ ചേർന്നു മർദ്ദിച്ചവശനാക്കിയതിനെത്തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ ക്രമസമാധാനനില അപകടപ്പെട്ടിരിക്കുന്നു എന്നു വരുത്തിത്തീർക്കാൻവേണ്ടി, മാർക്സിസ്റ്റുകാരായ സി. ഐ. റ്റി. യു. പ്രവർത്തകൻമാർ ആസൂത്രിതമായി നടത്തിയ ഒരു ഗുണ്ടാവിളയാട്ടമാണ് ഇന്നലെ സെക്രട്ടേറിയറ്റിനു മുൻവശത്തു നടന്നത്. ഈ ഗുണ്ടായിസം സെക്രട്ടേറിയറ്റിനു മുൻവശത്തുവച്ച് നടന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണം. പോലീസും ജനങ്ങളും തക്കസമയത്തു ഇടപെട്ടില്ലായിരുന്നെങ്കിൽ കൂടുതൽ അനിഷ്ടസംഭവങ്ങളുണ്ടാകുമായിരുന്നു. കേരളത്തിന്റെ ഭരണസിരാകേന്ദ്രത്തിന്റെ സമീപത്തുവച്ചു പത്രപ്രവർത്തകനായ ഒരു രാഷ്ട്രീയനേതാവിനു ഇങ്ങനെയൊരു മർദ്ദനമേൽക്കേണ്ടിവന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ ഇതിൽ ശക്തിയായി പ്രതിഷേധിക്കുന്നു.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. 'എന്റെ നിയോജകമണ്ഡലത്തിൽ നൂറുദീൻ എന്നുപറയുന്ന ഒരു പ്രവർത്തകനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും മർദ്ദനമേറ്റതിന്റെ ഫലമായി ആശുപത്രിയിലാക്കിയിട്ടുണ്ട്. കണ്ണിൽച്ചോരയില്ലാത്ത ഇത്തരം പ്രവൃത്തികളാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 28—7—1986 വൈകുന്നേരം 5.15—ന് തിരുവനന്തപുരം സ്റ്റാച്ച്യൂ ജംഗ്ഷന് സമീപം ആയുർവ്വേദാശുപത്രിക്ക് മുൻവശത്തുള്ള റോഡിൽവച്ചു ബഷീറിനെ ബാബു, പ്രതാപൻ, തങ്കച്ചൻ, ജിഹാസ് എന്നീ സി.ഐ.റ്റി.യു. പ്രവർത്തകർ ചേർന്നു കൈകൊണ്ടടിക്കുകയും മേപ്പടിയാന്റെ പോക്കറ്റിൽ നിന്നു താഴെവീണ 50 രൂപ എടുത്തുകൊണ്ടുപോകുകയും ചെയ്തു. ആയതിലേക്ക് ബഷീറിന്റെ പരാതിമൂലം കന്റോൺമെന്റ് സ്റ്റേഷൻ, ക്രൈം 280/86 പ്രകാരവും ഐ.പി.സി. 143, 147, 149, 341, 323, 379 എന്നീ വകുപ്പുകൾ പ്രകാരവും ഒരു കേസ് 28—7—1986—ൽ 7.30—ന് രജിസ്റ്റർ ചെയ്തത് അന്വേഷണം നടത്തിവരികയാണ്. ബഷീറിന്റെ ചികിൽസാർത്ഥം തിരുവനന്തപുരം ജനറലാശുപത്രിയിലേക്ക് അയച്ചു. പ്രതികളിൽ ബാബു, ജിഹാസ് എന്നിവരെ 28—7—1986 രാത്രിയിൽത്തന്നെ അറസ്റ്റ് ചെയ്തു. അവരെ ഇന്നു കോടതിയിൽ ഹാജരാക്കി. മറ്റ് പ്രതിക്കളെ അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡിനെ നിയോഗിച്ചിട്ടുണ്ട്. കേസന്വേഷണം കന്റോൺമെന്റ് സി.ഐ. ആണ് നടത്തുന്നത്. ബഷീർ സ്വതന്ത്രതൊഴിലാളി യൂണിയൻ പ്രവർത്തകനാണ്. സ്വതന്ത്രതൊഴിലാളിയൂണിയന്റെ ഒരു ശാഖ അടുത്തകാലത്ത് വളളക്കടവിലാരംഭിക്കുകയും പതിനാലോളം സി.ഐ.റ്റി.യു. പ്രവർത്തകർ സി. ഐ. റ്റി. യു. വിൽ നിന്നുമാറി ആ ട്രേഡ്യൂണിയനിൽ അംഗങ്ങളാകുകയും ചെയ്തതാണ് ഇതിന് കാരണമെന്നു മനസ്സിലാക്കുന്നു.

33. ഇൻഡോ—അമേരിക്കൻ കരാറനുസരിച്ച് ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ ദുരുപയോഗം

ശ്രീ. ഇ. കെ. നായനാർ: സർ, അമേരിക്കയിൽനിന്നു കോടിക്കണക്കിന് ഉറുപ്പികയുടെ മെഡിക്കൽ ഉപകരണങ്ങളും ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുന്നുണ്ട്. ഭക്ഷ്യസാധനങ്ങളും ഇറക്കുമതി ചെയ്യുന്നുണ്ട്. ഇൻഡോ—അമേരിക്കൻ കരാറനുസരിച്ചു ഈ സാധനങ്ങൾ ജാതിമത വ്യത്യാസമില്ലാതെ ദരിദ്രർക്കും അശരണർക്കും നൽകാനാണെന്നു പറഞ്ഞാണ് ഇറക്കുമതി ചെയ്യുന്നത്. കോടിക്കണക്കിനു രൂപയുടെ ഇളവാണ് ഈ സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ളത്. പക്ഷേ ഇവയെല്ലാം കരിഞ്ചന്തയിൽ വിറ്റുപോകുകയാണ്. ഈയിടെ അമേരിക്കൻ നിർമ്മിത 3 മെഡിക്കൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യപ്പെട്ടത് കണ്ടുപിടിക്കപ്പെട്ടു. ന്യൂയോർക്കിൽ നിന്നുമെത്തിയ ഈ സാധനങ്ങൾ കത്തോലിക്കാ റിലീഫ് സർവ്വീസിന്റെ കൊച്ചിയിലുള്ള ഓഫീസിന് വിട്ടുകൊടുക്കുവാൻ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ കസ്റ്റംസ് രേഖകൾ സമർപ്പിച്ചു. സെൻട്രൽ എക്സൈസ് വിഭാഗത്തിന്റെ ചുമതല വഹിക്കുന്ന ആർ.എസ്. ഇട്ടു ജൂൺ 25—ാം തീയതി കൊച്ചി കസ്റ്റംസ് കളക്ടർക്ക് അയച്ച ടെലക്സ് സന്ദേശത്തിൽ ഇതു പറഞ്ഞിരുന്നു. എറണാകുളം ലിസ്സി ആശുപത്രിക്ക് ന്യൂയോർക്കിൽനിന്നു സംഭാവന കിട്ടിയതാണെന്നാണ് ഫുഡ്കോർപ്പറേഷനോട് പറഞ്ഞത്. കസ്റ്റംസിന് ഇതു വിശ്വാസയോഗ്യമായിത്തോന്നിയില്ല. അവർ അതു വിട്ടുകൊടുക്കാൻ വിസമ്മതിച്ചു. ശ്രീ. കെ. വി. തോമസ് എം. പി. ഇടപെട്ടു അതു വിട്ടുകൊടുക്കുകയാണുണ്ടായതെന്നു പത്ര റിപ്പോർട്ടിൽ പറയുന്നു. പാവങ്ങൾക്ക് സൗജന്യചികിൽസയ്ക്ക് ലഭിക്കുന്ന കോടിക്കണക്കിന് രൂപയുടെ ഡ്യൂട്ടിയിളവുള്ള ഈ ഉപകരണങ്ങളും മറ്റും കേരളം, ആസ്സാം, ആന്ധ്രാപ്രദേശ്, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിലെ സഹകാര്യ

LIBRARY ARCHIVES Kerala Legislative Assembly